(ഡി) ഉച്ചഭക്ഷണ വിതരണം നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കടിശ്ശിക ഇനത്തിൽ 2014-15 വരെ ഒരു തുകയും കൊടുത്തു തീർക്കാനില്ല.

അദ്ധ്യാപക പാക്കേജ്

71 (3801) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജുമായി ബന്ധപ്പെട്ട്, അദ്ധ്യാപക സംഘടനകളുമായുള്ള ചർച്ചയുടെ ശേഷം തീരുമാനങ്ങളെന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാന താല്പര്യം ഇക്കാര്യത്തിൽ സംരക്ഷിക്കുന്നതോടൊപ്പം, അദ്ധ്യാപകരുടെ ആവശ്യങ്ങൾക്ക് പ്രാമുഖ്യം നൽകികൊണ്ടുള്ള തീരുമാനം എത്രയുംവേഗം കൈക്കൊള്ളുമോ ?

ഉത്തരം

(എ-സി) 1-10-2011-ലെ ജി.ഒ. (പി)199/11/പൊ.വി.വ. പ്രകാരമുള്ള അദ്ധ്യാപക പാക്കേജ് പിൻവലിക്കാനും 2015-16 മുതൽ തസ്തികനിർണ്ണയം 1:45-ൽ നടത്തുവാനും 2011-12 മുതൽ 2014-15 വരെ നിയമിതരായ റഗുലർ തസ്തികകളിലുള്ളവർക്ക് 1:30/1:35 അനുപാതത്തിൽ നിയമനാംഗീകാരം നൽകാനും അധികമാകുന്ന റഗുലർ അദ്ധ്യാപകർക്കും അദ്ധ്യാപക ബാങ്കിലുൾപ്പെട്ടവർക്കും സംരക്ഷണം നൽകുവാനും തീരുമാനമായിട്ടുണ്ട്.

അദ്ധ്യാപക പാക്കേജ്

72 (3802) ശ്രീ. മല്ലുക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്ന കാര്യത്തിൽ ഭരണ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; പാക്കേജ് എന്ന് പ്രാബല്യത്തിൽ വരും; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

1-10-2011-ലെ ജി.ഒ.(പി)199/11/പൊ.വി.വ. പ്രകാരമുള്ള അദ്ധ്യാപക പാക്കേജ് പിൻവലിക്കാനും 2015-16 മുതൽ തസ്തികനിർണ്ണയം 1:45-ൽ നടത്തുവാനും 2011-12 മുതൽ 2014-15 വരെ റഗുലർ തസ്തികകളിൽ നിയമിച്ചവരെ

LIBRARY ARCHIVES Kerala Legislative Assembly

1:30/1:35 ആനുകൂല്യം നൽകി അംഗീകരിക്കുവാനും അധികമാകുന്ന റഗുലർ അദ്ധ്യാപകർക്കും അദ്ധ്യാപക ബാങ്കിലുൾപ്പെട്ടവർക്കും സംരക്ഷണം നൽകുവാനും തീരുമാനമായിട്ടുണ്ട്. ഉത്തരവു പുറപ്പെടുവിക്കാനുള്ള ഭരണ നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

അദ്ധ്യാപക പാക്കേജ്

73 (3803) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അദ്ധ്യാപക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതുമൂലം സർക്കാർ മേഖലയിലെ എത്ര അദ്ധ്യാപകർക്കും എയ്ഡഡ് . മേഖലയിലെ എത്ര അദ്ധ്യാപകർക്കും നിലവിൽ ഇതിന്റെ ആനുകൂല്യം ലഭ്യമാകുമെന്ന് വിശദമാക്കാമോ ?

ഉത്തരം

1-10-2011-ലെ ജി.ഒ.(പി)199/11/പൊ.വി.വ. പ്രകാരമുള്ള അദ്ധ്യാപക പാക്കേജ് പിൻവലിക്കാനും 2015-16 മുതൽ തസ്തിക നിർണ്ണയം 1:45-ൽ നടത്തുവാനും 2011-12 മുതൽ 2014-15 വരെ റഗുലർ തസ്തികകളിൽ നിയമിച്ചവർക്ക് 1:30/1:35 ആനുകൂല്യം നൽകി അംഗീകരിക്കുവാനും അധികമാകുന്ന റഗുലർ അദ്ധ്യാപകർക്കും അദ്ധ്യാപക ബാങ്കിലുൾപ്പെട്ടവർക്കും സംരക്ഷണം നൽകുവാനും തീരുമാനമായിട്ടുണ്ട്. ആനുകൂല്യം എത്ര പേർക്ക് ലഭിക്കുമെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

അനർഹമായ പ്രൊമോഷൻ

74 (3804) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. വഴി നിയമനം നേടിയ 11 ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താൽക്കാലിക സർവ്വീസുകൂടി കണക്കിലെടുത്ത് സീനിയോറിറ്റി നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അനർഹമായ സീനിയോറിറ്റി പരിഗണനയിലൂടെ പ്രൊമോഷൻ ലഭിച്ചവർക്കെതിരെ എന്തെങ്കിലും നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിതരായ അദ്ധ്യാപകരിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന് വിധേയമായും ഗവൺമെന്റ് ഉത്തരവ് പ്രകാരവും എച്ച്.എസ്.എസ്.റ്റി. സർവ്വീസ് റഗുലറൈസ് ചെയ്തവരെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly